ഭരണഭാഷ-മാതൃഭാഷ

# നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

(ISO 9001:2015)
നെടുവത്തൂർ, നീലേശ്വരം പി.ഒ, കൊല്ലം - 691505
ഫോൺ : 0474 2454314, ഇ-മെയിൽ : gpneduvathur@gmail.com

---

ശ്രീ.നിബിൻജോസ് മുതൽപേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C)27918/2023 നമ്പർ കേസിൻമേൽ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന വസ്തുതാവിവര പത്രിക

1.നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ പുത്തൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 16ാം നമ്പർ മുറിയിൽ 2023-24 വർഷത്തെ വ്യാപാരവകാശത്തിനായി 14/3/2023 തീയതിയിൽ ലേലം നടത്തുകയും ടി ലേലത്തിൽ ജോയി.പി എന്നയാളുടെ ലേലം ഉറപ്പിക്കുകയും ആയത് 18.03.2023 തീയതിയിലെ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.ആയതിൻെറ അടിസ്ഥാനത്തിൽ ടിയാൻ കരാർവയ്ക്കുകയും മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനായി ലൈസൻസിന് അപേക്ഷ നൽകുകയും ആയത്17.04.2023 തീയതിയിലെ കമ്മിറ്റി പരിശോധിക്കുകയും ടിയാന് ടി മുറിയിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തു.(തീരുമാനങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

2.ശ്രീ.ജോയി.പി എന്നയാൾക്ക് മാട്ടിറച്ചി സ്റ്റാൾ നടത്തുന്നതിന് അനുവദിച്ച ലൈസൻസ് റദ്ദ് ചെയ്യുന്നതിനും വീണ്ടും ലേലം നടത്തുന്നതും സംബന്ധിച്ച് 29.04.2023 തീയതിയിൽ നിബിൻ ജോസ്,ലൂർദ്ദ് വിലാസം എന്നയാൾ അപേക്ഷ നൽകുകയുംആയത് 09.05.2023 ലെ കമ്മിറ്റിയിൽ പരിഗണിക്കുകയും ചെയ്തു.നിലവിൽ കടമുറി ലേലത്തിൽ പിടിച്ച ജോയിക്ക് മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതിനാൽ നിബിൻജോസിൻെറ അപേക്ഷ തള്ളിക്കളയുന്നതിനും വരും വർഷങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.(തീരുമാനം ഉള്ളടക്കം ചെയ്യുന്നു)

3.ശ്രീ നിബിൻ ജോസിൻെറ കുടുംബാംഗങ്ങൾ വർഷങ്ങളായി ഇറച്ചിവ്യാപാരം നടത്തുന്നവരും തൊട്ടടുത്ത കുളക്കട പവിത്രേശ്വരം പഞ്ചായത്തുകളിലെ ഇറച്ചിവ്യാപാരാവകാശം 2023 വർഷത്തേക്ക് ലേലംപിടിച്ചവരുമാണെന്ന് ടിയാൻെറ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ പുത്തൂർ മാർക്കറ്റിലെ ഇറച്ചിവ്യാപാരാവകാശം കൂടി ലഭിക്കുകയാണെങ്കിൽ ടി പ്രദേശത്തെ മുഴുവൻ ഇറച്ചി വ്യാപാരാവകാശം ടിയാളുടെ കുടുംബത്തിന് ലഭിക്കുന്നതും ഇതുമൂലം ഒരു പ്രദേശത്തെ മുഴുവൻ ഇറച്ചിവ്യാപാരവകാശം സ്വന്തമാക്കി മറ്റെല്ലാവരെയും ഈ മേഖലയിലെ ഇറച്ചിവ്യാപാരത്തിൽ നിന്നും മാറ്റി തങ്ങളുടെ മേധാവിത്വം ഉറപ്പിക്കുവാൻ കഴിയുമായിരുന്നത് സാധിക്കാത്തതിനാലാണ് ഇത്തരത്തിൽ ഒരു പരാതിയുമായി ടിയാൻ എത്തിയിരിക്കുന്നതിന് കാരണമെന്ന് കാണുന്നു.

4.പുത്തൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 16ാം നമ്പർ മുറിയിൽ ശ്രീ നിബിൻ ജോസിന് ഇറച്ചിവ്യാപാരം നടത്തുന്നതിന് താത്പര്യമുണ്ടെന്നും ടിയാനെ ലേലത്തിൽ പങ്കെടുപ്പിക്കണമെന്നും 25.03.202ൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയതായി പറയുന്ന EXHIBIT P-1ഈ ഓഫീസിൽ ലഭിച്ചിട്ടില്ല.ഈ ഓഫീസിൽ

ഏതൊരു അപേക്ഷ സ്വീകരിച്ചാലും അപേക്ഷകന് രസീത് നൽകുന്നതാണ്.ടിയാൻ അപേക്ഷ നൽകാത്തതിനാലാണ് രസീത് ലഭിക്കാത്തത്.ആയതിനാൽ ടിയാൻ ഹാജരാക്കിയിട്ടുള്ള EXHIBIT P-1 വ്യാജമായി ചമച്ചതാണ്.

5. 29.04.2023 ൽ പുത്തൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 16ാം നമ്പർ മുറിയിൽ ഇറച്ചി വ്യാപാരം നടത്തുന്നതിന് നൽകിയ ലൈസൻസ് റദ്ദ് ചെയ്യണമെന്നും ലേലം നടത്തണമെന്നും ടിയാൻ നൽകിയ അപേക്ഷയിലെ വിലാസം നിബിൻജോസ്,ലൂർദ്ദ് വിലാസം എന്നാണ്.ടി അപേക്ഷയിൽ 25.03.2023 ൽടിയാൻ ലേലത്തിൽ പങ്കെടുപ്പിക്കണമെന്ന് കാണിച്ച് നൽകിയ അപേക്ഷയെക്കുറിച്ച്(EXHIBIT P-1 )പരാമർശിക്കുന്നില്ല.എന്നാൽ 29.04.2023 ലെ അപേക്ഷ EXHIBIT P-2 ൽ വിലാസം നിയാ ഭവൻ എന്നും ടി അപേക്ഷയിൽ 25.03.2023 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകിയതായും പരാമർശിച്ചിട്ടുണ്ട്.ആയതിനാൽ ടി രേഖയും വ്യാജമാണ്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

6.നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ അറവുശാല ഇല്ലാത്തതിനാൽ വർഷങ്ങളായി ഇറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം പഞ്ചായത്ത് ലേലം ചെയ്ത് നൽകുന്നില്ല.എന്നാൽ പഞ്ചായത്ത് നിവാസികൾക്ക് ഗുണമേന്മയുള്ള മാട്ടിറച്ചി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെയാണ് പഞ്ചായത്തിൻറെ കടമുറി ലേലത്തിൽപിടിച്ച് 1994ലെ പഞ്ചായത്ത് രാജ്(കശാപ്പുശാലകളും ഇറച്ചിക്കടകളും)ചട്ടങ്ങൾ40,40എ എന്നിവ പാലിക്കണമെന്ന നിബന്ധനക്ക് വിധേയമായി മാട്ടിറച്ചിവ്യാപാരം നടത്തണമെന്ന നിബന്ധനയോടെ ശ്രീ.ജോയി എന്നയാൾക്ക് മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് ലൈസൻസ് കമ്മിറ്റി നൽകിയിട്ടുള്ളതും വരും വർഷങ്ങളിൽ നിയമപരമായ തുടർനടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുമുണ്ട്.

Signature Not Verified
Digitally signed by T SURESHKUMAR
Date: 2023.11.03 16:43:24 IST
Reason: ILGMS Govt. of kerala